നം.സി3/35065/2015/ഡി.റ്റി.ഇ.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
പത്മ വിലാസം, കോട്ടയ്ക്കകം , തിരുവനന്തപുരം
തീയതി: 14.3.2016

# സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - എഞ്ചിനിയറിംഗ് കോളേജ് പഠനയാത്ര - നിർദ്ദേശങ്ങൾ പാലിക്കേണ്ടത് - സംബന്ധിച്ച്

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപന മേധാവികളും വിദ്യാർത്ഥികളുടെ പഠന യാത്രയുമായി ബന്ധപ്പെട്ട് കർശനമായി പാലിക്കേണ്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. പഠനയാത്ര പൂർണ്ണമായും അക്കാദമിക തലത്തിലും നിലവാരത്തിലും ആയിരിക്കണം
2. പഠനയാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷാകർത്താക്കളും സമർപ്പിയ്ക്കേണ്ട സമ്മതപത്രം വ്യവസ്ഥാനുസരണം പരിശോധിച്ച് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.
3. പഠനയാത്രയുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപകരുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിരിക്കണം. ടി യാത്രയിൽ വിദ്യാർത്ഥിനികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അനുയാത്രക്കായി അദ്ധ്യാപികമാർ ഉണ്ടായിരിക്കണം.
4. ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ, ഗസ്റ്റ് അദ്ധ്യാപകർ തുടങ്ങിയവരെ പഠനയാത്രയ്ക്ക് നിയോഗിക്കാതിരിക്കാനും, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത അദ്ധ്യാപകരെ പഠനയാത്രയ്ക്ക് നിയോഗിക്കാനും, സ്റ്റാഫ് അഡ്വൈസർ പഠനയാത്രയുടെ പൂർണ്ണമായ ചുമതല ഏറ്റെടുത്ത്, പ്രിൻസിപ്പാളിൻെറ അന്തിമ തീരുമാന പ്രകാരം പഠനയാത്ര നിർവ്വഹിക്കേണ്ടതുമാണ്.
5. പഠനയാത്രയുടെ വസ്തുതകൾ ഉൾക്കൊള്ളുന്ന വ്യക്തമായ റിപ്പോർട്ട് പ്രിൻസിപ്പാൾ പരിശോധിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം, ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എണ്ണം, എസ്സ്.സി/എസ്.ടി ഒ.ഇ.സി എന്നീ വിദ്യാർത്ഥികളുടെ പട്ടിക, കൂടെ യാത്ര ചെയ്യുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക എന്നിവ പഠനയാത്രയ്ക്ക് അന്തിമ അനുമതി നൽകുന്ന കാര്യാലയത്തിലേക്ക് നിശ്ചിത സ്ഥാപന മേധാവിയുടെ കത്തിനോടൊപ്പം പഠനയാത്രാ തീയതിക്ക് പതിനഞ്ച് ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്
6. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ എഞ്ചിനിയറിംഗ് കോളേജുകളിലെ പഠനയാത്രാനുമതി കത്ത് ഈ കാര്യാലയത്തിലേക്കും മറ്റുള്ള ജില്ലകളിലേത് കോതമംഗലം മേഖലാകാര്യാലയത്തിലേക്കും അയയ്ക്കേണ്ടതാണ്.
7. പഠനയാത്രയ്ക്ക് ശേഷം സമർപ്പിക്കുന്ന പഠനയാത്ര റിപ്പോർട്ട് പ്രിൻസിപ്പാളിൻെറ അംഗീകാരത്തോടുകൂടി സ്ഥാപനത്തിലെ ലൈബ്രറിയിൽ ഒരു പഠന രേഖയായി സൂക്ഷിക്കേണ്ടതാണ്.
8. പഠനയാത്രയ്ക്കായി തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളും/സ്ഥാപനങ്ങളും എൺപത് ശതമാനവും ബന്ധപ്പെട്ട ബ്രാഞ്ചുമായി ബന്ധമുള്ളതായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)
ഡോ. കെ.വിജയകുമാർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയം കോതമംഗലം
2. ഈ കാര്യാലയത്തിന് കീഴിലുള്ള കേരളത്തിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സൂപ്രണ്ട്

എ.എസ്

15/3/16